## മധുരമായ കുട്ടികളേ- സംഗമയുഗം ഭാഗ്യവാനായി മാറാനുള്ള യുഗമാണ്, ഇവിടെ നിങ്ങളെത്ര ആഗ്രഹിക്കുന്നുവോ അത്രയും തന്റെ ഭാഗ്യനക്ഷത്രത്തെ തിളക്കമുള്ളതാക്കാൻ സാധിക്കും.

**ചോദ്യം –** തന്റെ പുരുഷാർത്ഥത്തെ തീവ്രമാക്കാനുള്ള സഹജമായ മാർഗ്ഗം എന്താണ്?
ഉത്തരം – അച്ഛനെ അനുകരിച്ചുകൊണ്ടേയിരുന്നാൽ പുരുഷാർത്ഥം തീവ്രമാകും. അച്ഛനെ മാത്രം നോക്കണം, അമ്മ ഗുപ്തമാണ്. അച്ഛനെ ഫോളോ ചെയ്യുന്നതിലൂടെ അച്ഛനുസമാനം ഉയർന്നതായി മാറാം. അതുകൊണ്ട് കൃത്യമായി ഫോളോ ചെയ്തുകൊണ്ടിരിക്കൂ.

**ചോദ്യം –** ബാബ ഏത് കുട്ടികളെയാണ് വിഡ്ഢി എന്ന് മനസ്സിലാക്കുന്നത്?
ഉത്തരം – ആർക്കാണോ ബാബയുമായുള്ള കൂടിക്കാഴ്ചക്കുപോലും സന്തോഷമില്ലാത്തത്- അവർ വിഡ്ഢികളാണ്. ബാബ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുകയാണ്, അങ്ങനെയുള്ള ബാബയുടെ കുട്ടിയായി മാറിയിട്ടും സന്തോഷമില്ലെങ്കിൽ വിഡ്ഢിയെന്നല്ലേ പറയൂ.

**ഓം ശാന്തി**. മധുര-മധുരമായ നിങ്ങൾ കുട്ടികൾ ഭാഗ്യനക്ഷത്രങ്ങളാണ്. നിങ്ങൾക്കറിയാം നമ്മൾ ശാന്തിധാമത്തെ ഓർമ്മിക്കുന്നവരാണ്, ബാബയേയും ഓർമ്മിക്കുന്നവരാണ്. ബാബയെ ഓർമ്മിക്കുന്നതിലൂടെ നമ്മൾ പവിത്രമായി മാറി വീട്ടിലേക്ക് പോകും. ഇവിടെ ഇരിക്കുമ്പോൾ ഇതാണല്ലോ ചിന്തിച്ചുകൊണ്ടിരിക്കുന്നത്. ബാബ ഒരു കഷ്ടവും നൽകുന്നില്ല. ജീവന്മുക്തിയെക്കുറിച്ച് ആരും അറിയുന്നില്ല. അവരെല്ലാം പുരുഷാർത്ഥം ചെയ്യുന്നത് മുക്തിക്കുവേണ്ടിയാണ്, പക്ഷേ മുക്തിയുടെ അർത്ഥം മനസ്സിലാക്കുന്നില്ല. ചിലർ പറയാറുണ്ട് ഞങ്ങൾക്ക് ബ്രഹ്മത്തിൽ ലയിക്കണം. പിന്നീട് വരികയേ വേണ്ട. അവരറിയുന്നില്ല നമുക്ക് ഈ ചക്രത്തിലേക്ക് തീർച്ചയായും വരേണ്ടതാണെന്ന്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ഈ കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കി. നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ സ്വദർശനചക്രധാരി ഭാഗ്യനക്ഷത്രങ്ങളാണ്. ലക്കി എന്ന് പറയുന്നത് ഭാഗ്യശാലിയെയാണ്. ഇപ്പോൾ നിങ്ങൾ കുട്ടികളെ ഭാഗ്യവാനാക്കിമാറ്റുന്നത് ബാബയാണ്. എങ്ങിനെയാണോ അച്ഛൻ അതുപോലെ കുട്ടികളും. ചിലരുടെ പിതാവ് ധനികനായിരിക്കും, ചിലരുടെ പിതാവ് ദരിദ്രനായിരിക്കും. നിങ്ങൾ കുട്ടികൾക്കറിയാം നമുക്ക് പരിധിയില്ലാത്ത അച്ഛനെ ലഭിച്ചിരിക്കുകയാണ്, ആര് എത്രത്തോളം ഭാഗ്യശാലിയായി മാറാൻ ആഗ്രഹിക്കുന്നുവോ അത്രത്തോളം ആകാൻ സാധിക്കും, എത്രത്തോളം ധനികരായി മാറാൻ ആഗ്രഹിക്കുന്നുവോ അത്രത്തോളം ധനികരായി മാറാൻ സാധിക്കും. ബാബ പറയുന്നു എന്താഗ്രഹിക്കുന്നുവോ പുരുഷാർത്ഥത്തിലൂടെ അത് നേടൂ. എല്ലാറ്റിന്റേയും ആധാരം പുരുഷാർത്ഥമാണ്. പുരുഷാർത്ഥം ചെയ്ത് എത്ര ഉയർന്ന പദവി നേടാനാഗ്രഹിക്കുന്നുവോ അത്രയും നേടാൻ സാധിക്കും. ഉയർന്നതിലും ഉയർന്ന പദവിയാണ് ഈ ലക്ഷ്മീനാരായണന്റെ പദവി. ഓർമ്മയുടെ ചാർട്ട് തീർച്ചയായും വെക്കണം. കാരണം തമോപ്രധാനതയിൽ നിന്ന് സതോപ്രധാനമായി തീർച്ചയായും മാറുകതന്നെ വേണം. ബുദ്ധുവായി ഇങ്ങനെ ഇരിക്കരുത്. ബാബ മനസ്സിലാക്കിത്തരികയാണ് പഴയ ലോകം ഇപ്പോൾ പുതിയതാകും. ബാബ വന്നിരിക്കുകയാണ് പുതിയ സതോപ്രധാനമായ ലോകത്തിലേക്ക് കൊണ്ടുപോകാൻ. ഇതാണ് പരിധിയില്ലാത്ത അച്ഛൻ, പരിധിയില്ലാത്ത സുഖം നൽകുന്നു. ബാബ മനസ്സിലാക്കിത്തരികയാണ് സതോപ്രധാനമായി മാറുന്നതിലൂടെ നിങ്ങൾക്ക് പരിധിയില്ലാത്ത സുഖം നേടാൻ സാധിക്കും. കേവലം സതോ ആയാൽ സുഖം കുറയും. രജോ ആയി മാറുമ്പോൾ വീണ്ടും അതിലും സുഖം കുറയും. മുഴുവൻ കണക്കും ബാബ പറഞ്ഞുതരികയാണ്. അളവില്ലാത്ത ധനം നിങ്ങൾക്ക് ലഭിക്കുകയാണ്, അളവില്ലാത്ത സുഖവും ലഭിക്കുന്നുണ്ട്. പരിധിയില്ലാത്ത ബാബയിൽ നിന്നും സമ്പത്ത് നേടാൻ ബാബയെ ഓർമ്മിക്കുക എന്നല്ലാതെ മറ്റൊരു ഉപായവുമില്ല. എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുവോ, ഓർമ്മയിലൂടെ സ്വാഭാവികമായും ദൈവീകഗുണം വരും. സതോപ്രധാനമായി മാറണമെങ്കിൽ ദൈവീകഗുണങ്ങളും തീർച്ചയായും വേണം. സ്വയം പരിശോധിക്കണം. എത്ര ഉയർന്ന പദവി നേടാനാഗ്രഹിക്കുന്നുവോ അത്രയും നേടാൻ സാധിക്കും, തന്റെ പുരുഷാർത്ഥത്തിലൂടെ. പഠിപ്പിക്കുന്ന ടീച്ചറും ഇരിക്കുന്നുണ്ടല്ലോ. ബാബ പറയുകയാണ് കൽപകൽപം നിങ്ങൾക്ക് ഇങ്ങനെയാണ് മനസ്സിലാക്കിത്തരുന്നത്. രണ്ടക്ഷരങ്ങളാണ് മൻമനാഭവ, മദ്ധ്യാജീഭവ. പരിധിയില്ലാത്ത ബാബയെ തിരിച്ചറിഞ്ഞു. പരിധിയില്ലാത്ത അച്ഛൻ തന്നെയാണ് പരിധിയില്ലാത്ത ജ്ഞാനം നൽകുന്നത്. പതിതത്തിൽനിന്ന് പാവനമാകാനുള്ള വഴിയും പരിധിയില്ലാത്ത ബാബയാണ് മനസ്സിലാക്കിത്തരുന്നത്. ബാബ മനസ്സിലാക്കിത്തരുന്നത് പുതിയ കാര്യമല്ല. ഗീതയിലും എഴുതിവച്ചിട്ടുള്ളത് ആട്ടയിൽ ഉപ്പ് പോലെയാണ്. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ദേഹത്തിന്റെ

എല്ലാ ധർമ്മത്തേയും മറക്കൂ. നിങ്ങളാദ്യം അശരീരിയായിരുന്നു, ഇപ്പോൾ അനേക മിത്രസംബന്ധികളുടെ ബന്ധനത്തിലേക്ക് വന്നിരിക്കുന്നു. എല്ലാവരും തമോപ്രധാനമാണ്. ഇപ്പോൾ വീണ്ടും സതോപ്രധാനമായി മാറണം. നിങ്ങൾക്കറിയാം തമോപ്രധാനതയിൽനിന്നും നമുക്ക് സതോപ്രധാനമായി മാറണം. പിന്നീട് ഈ മിത്രസംബന്ധികളെല്ലാവരും പവിത്രമായി മാറിക്കൊള്ളും. ആര് കൽപകൽപം സതോപ്രധാനമായി മാറിയിട്ടുണ്ടോ, അവരാണ് വീണ്ടും മാറുക. അവരുടെ പുരുഷാർത്ഥവും അങ്ങിനെയായിരിക്കും. ഇപ്പോൾ ആരെയാണ് ഫോളോ ചെയ്യേണ്ടത്. മഹിമയില്ലേ ഫോളോ ഫാദർ. എങ്ങിനെയാണോ ബ്രഹ്മാബാബ ഓർമ്മിക്കുന്നത്, പുരുഷാർത്ഥം ചെയ്യുന്നത്. അതുപോലേ ബ്രഹ്മാബാബയെ ഫോളോ ചെയ്യൂ. പുരുഷാർത്ഥം ചെയ്യിപ്പിക്കുന്നത് ബാബയാണ്. ബാബ പുരുഷാർത്ഥം ചെയ്യുന്നില്ല, പുരുഷാർത്ഥം ചെയ്യിപ്പിക്കുകയാണ്. ബാബ പറയുന്നു മധുര-മധുരമായ കുട്ടികളേ ഫോളോ ഫാദർ. ഗുപ്തമായ അച്ഛനും അമ്മയുമല്ലേ. അമ്മ ഗുപ്തമാണ്, പിതാവിനെ കാണാൻ കഴിയും. ഇത് നല്ല രീതിയിൽ മനസ്സിലാക്കാനുള്ളതാണ്. ഇങ്ങനെ ഉയർന്ന പദവി നേടണമെങ്കിൽ ബാബയെ നല്ലരീതിയിൽ ഓർമ്മിക്കൂ, ബ്രഹ്മാബാബ ഓർമ്മിക്കുന്നതുപോലെ. ബ്രഹ്മാബാബയാണ് വളരെ ഉയർന്ന പദവി നേടുന്നത്. ബ്രഹ്മാബാബയുടെ വളരെയധികം ജന്മങ്ങളുടെ ഏറ്റവും അവസാനത്തിലാണ് ഞാൻ പ്രവേശിക്കുന്നത്. ഇത് നല്ലരീതിയിൽ ഓർമ്മിക്കൂ, മറക്കരുത്. മായ ധാരാളം പേരെ മറപ്പിക്കുന്നു. നിങ്ങൾ പറയും ഞങ്ങൾ നരനിൽ നിന്നും നാരായണനായി മാറുന്നവരാണ്, ബാബയാണ് യുക്തി പറഞ്ഞുതരുന്നത് - എങ്ങനെയാണ് നിങ്ങൾക്ക് ആയിത്തീരാൻ കഴിയുന്നത്. ഇതും നിങ്ങൾക്കറിയാം എല്ലാവരും കൃത്യമായി ഓർമ്മിക്കുന്നില്ല. ലക്ഷ്യം ബാബ പറഞ്ഞുതരികയാണ് - ഫോളോ ഫാദർ. ഇപ്പോഴത്തെ മഹിമയാണിത്. ബാബ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം നൽകുകയാണ്. സന്യാസിമാരുടെ ഫോളോവേഴ്സ് എന്ന് പറയുന്നുണ്ട്. പക്ഷേ അത് തെറ്റല്ലേ, അവർ ഫോളോ ചെയ്യുന്നില്ല. അവരെല്ലാം ബ്രഹ്മജ്ഞാനിയാണ്, തത്വജ്ഞാനിയാണ്. അവർക്ക് ഈശ്വരൻ ജ്ഞാനം കൊടുക്കുന്നില്ല. തത്വജ്ഞാനിയെന്നോ ബ്രഹ്മജ്ഞാനിയെന്നോ പറയുന്നു. പക്ഷേ തത്വമോ അഥവാ ബ്രഹ്മമോ അവർക്ക് ജ്ഞാനം കൊടുക്കുന്നില്ല, അതെല്ലാം ശാസ്ത്രങ്ങളുടെ ജ്ഞാനമാണ്. ഇവിടെ നിങ്ങൾക്ക് ബാബ ജ്ഞാനം നൽകുകയാണ്, ബാബയെയാണ് ജ്ഞാനത്തിന്റെ സാഗരമെന്ന് പറയുന്നത്. ഇത് നല്ലരീതിയിൽ കുറിച്ചുവെക്കണം. നിങ്ങൾ മറന്നുപോകുന്നു. ഹൃദയത്തിനുള്ളിൽ നല്ലരീതിയിൽ ധാരണ ചെയ്യാനുള്ള കാര്യമാണ്. ബാബ ദിവസേന പറയുന്നു - മധുര-മധുരമായ കുട്ടികളേ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനായ എന്നെ ഓർമ്മിക്കൂ, ഇപ്പോൾ തിരിച്ച് വീട്ടിലേക്ക് പോകണം. പതിതർക്ക് തിരിച്ചുപോകാൻ സാധിക്കില്ല. പവിത്രമായിട്ടോ യോഗബലത്തിലൂടെയോ പോകണം. അല്ലെങ്കിൽ ശിക്ഷകളനുഭവിച്ച് പോകേണ്ടിവരും. എല്ലാവർക്കും കണക്കുകൾ തീർക്കണം. ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങൾ ആത്മാക്കൾ വാസ്തവത്തിൽ പരംധാമത്തിൽ വസിച്ചിരുന്നവരാണ് ഇവിടെ നിങ്ങൾ സുഖ-ദുഃഖത്തിന്റെ പാർട്ട് അഭിനയിക്കുന്നു. സുഖത്തിന്റെ പാർട്ട് രാമരാജ്യത്തിലും ദുഃഖത്തിന്റെ പാർട്ട് രാവണരാജ്യത്തിലുമാണ്. രാമരാജ്യത്തെ സ്വർഗ്ഗമെന്ന് പറയുന്നു, അവിടെ പൂർണ്ണമായും സുഖമാണ്. പാടാറില്ലേ സ്വർഗ്ഗവാസിയെന്നും നരകവാസിയെന്നും. ഇതെല്ലാം നല്ലരീതിയിൽ ധാരണ ചെയ്യണം. എത്രത്തോളം തമോപ്രധാനതയിൽനിന്നും സതോപ്രധാനമായി മാറുന്നോ, അത്രയും ഉള്ളിൽ നിങ്ങൾക്ക് സന്തോഷമുണ്ടായിരിക്കും. എപ്പോഴാണോ രജോ അവസ്ഥയിൽ ദ്വാപരയുഗത്തിലായിരുന്നത് അപ്പോഴും നിങ്ങൾക്ക് സന്തോഷമുണ്ടായിരുന്നു. നിങ്ങൾ ഇത്രയും ദുഃഖികളും വികാരികളും ആയിരുന്നില്ല. ഇപ്പോൾ ഇവിടെ എത്ര വികാരികളും ദുഃഖികളുമാണ്. നിങ്ങൾ തന്റെ മുതിർന്നവരെ നോക്കൂ, എത്ര വികാരികളും മദ്യപാനികളുമാണ്. മദ്യം വളരെ മോശമായ വസ്തുവാണ്. സത്യയുഗത്തിൽനിന്നും ശുദ്ധമായ ആത്മാക്കൾ അധ:പതിച്ച് പൂർണ്ണമായും അഴുക്കുപിടിച്ചിരിക്കുകയാണ് അതുകൊണ്ട് ഇതിനെ ഘോരമായ നരകമെന്ന് പറയുന്നു. മദ്യം ഇങ്ങനെയുള്ള വസ്തുവാണ്, കലഹം, ബഹളം, നഷ്ടങ്ങൾ- ഇവയുണ്ടാക്കാൻ ഒട്ടും സമയമെടുക്കില്ല. ഈ സമയം മനുഷ്യരുടെ ബുദ്ധി എത്രത്തോളം ഭ്രഷ്ടമായിത്തീർന്നിരിക്കുന്നു. മായയ്ക്ക് വളരെ ശക്തിയുണ്ട്. ബാബ സർവ്വശക്തിവാനാണ്, സുഖം നൽകുന്നവനാണ്. മായ വളരെ ദുഃഖം നൽകുന്നതാണ്. കലിയുഗത്തിലെ മനുഷ്യരുടെ അവസ്ഥ എന്തായിരിക്കുന്നു, പൂർണ്ണമായും ജീർണ്ണിച്ചുപോയി. ഒന്നും മനസ്സിലാക്കുന്നില്ല. കല്ലുബുദ്ധിയാണ്. ഇതും ഡ്രാമയല്ലേ. ആരുടെ ഭാഗ്യത്തിലാണോ ഇല്ലാത്തത് അവർ ഇങ്ങനെയുള്ള ബുദ്ധിയുള്ളവരായി മാറും. ബാബ ജ്ഞാനം വളരെ സഹജമായാണ് നൽകുന്നത്. കുട്ടികളേ കുട്ടികളേ എന്ന് പറഞ്ഞ് മനസ്സിലാക്കിത്തരികയാണ്. മാതാക്കളും പറയാറുണ്ട് ഞങ്ങൾക്ക് അഞ്ച് ലൗകിക സന്താനങ്ങളും പിന്നെ ഒരു പാരലൗകിക സന്താനവുമുണ്ട്. ഈ കുട്ടി ഞങ്ങളെ സുഖധാമത്തിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. പിതാവാണെന്ന് അറിയുന്നുണ്ട്, കുട്ടിയാണെന്നും മനസ്സിലാക്കുന്നുണ്ട്. ജാലവിദ്യക്കാരനായില്ലേ. ബാബ ജാലവിദ്യക്കാരനാണ് കുട്ടിയും ജാലവിദ്യക്കാരനായി മാറുന്നു. പറയാറുണ്ട് ബാബ ഞങ്ങളുടെ കുട്ടിയാണ്. എങ്കിൽ ബാബയെ ഫോളോ ചെയ്ത് ഇങ്ങനെയായി മാറേണ്ടേ. സ്വർഗ്ഗത്തിൽ ഇവരുടെ രാജ്യമായിരുന്നില്ലേ. ശാസ്ത്രങ്ങളിൽ ഈ കാര്യമില്ല. ഭക്തിമാർഗ്ഗത്തിന്റെ ശാസ്ത്രങ്ങളും

ഡ്രാമയിൽ അടങ്ങിയതാണ്. വീണ്ടും ഉണ്ടാകും. ബാബ മനസ്സിലാക്കിത്തരികയാണ് പഠിപ്പിക്കാൻ ടീച്ചറും വേണമല്ലോ. പുസ്തകത്തിന് ടീച്ചറായി മാറാൻ സാധിക്കില്ല. പിന്നെ ടീച്ചറുടെ ആവശ്യമില്ലല്ലോ. ഈ പുസ്തകങ്ങളൊന്നും സത്യയുഗത്തിലുണ്ടാകില്ല.

ബാബ മനസ്സിലാക്കിത്തരികയാണ് നിങ്ങൾ ആത്മാവാണെന്ന് മനസ്സിലാക്കുന്നുണ്ടല്ലോ. ആത്മാക്കൾക്ക് തീർച്ചയായും പിതാവുണ്ട്. എല്ലാവരും പറയാറുണ്ട് ഹിന്ദു-മുസ്ലിം സഹോദരങ്ങളാണ്, അർത്ഥമൊന്നും മനസ്സിലാക്കുന്നില്ല. സഹോദരങ്ങൾ എന്നതിന്റെ അർത്ഥം മനസ്സിലാക്കണമല്ലോ. സഹോദരന്മാർക്ക് പിതാവുണ്ടാകും. ഇത്രയും കാൽക്കാശിന്റെ വിവേകം പോലും ഇല്ല. ഭഗവാനുവാച– ബ്രഹ്മാബാബയുടെ വളരെയധികം ജന്മങ്ങൾക്കുശേഷമുള്ള അന്തിമജന്മമാണിത്. അർത്ഥം എത്ര വ്യക്തമാണ്. ആരെയും ആക്ഷേപിക്കുന്നില്ല. ബാബ കേവലം വഴി പറഞ്ഞുതരികയാണ്. നമ്പർ വണ്ണായിരുന്നയാൾ ഇപ്പോൾ അവസാനമായി. വെളുത്തയാൾ തന്നെ കറുപ്പായി മാറുന്നു. നിങ്ങളും മനസ്സിലാക്കി – നമ്മളും വെളുത്തതായിരുന്നു. പിന്നീട് ഇങ്ങനെയായി മാറി. ബാബയെ ഓർമ്മിക്കുന്നതിലൂടെ വീണ്ടും വെളുത്തതായി മാറും. ഇതാണ് രാവണരാജ്യം. രാമരാജ്യത്തെയാണ് പറയുന്നത് ശിവാലയം. സീതാരാമൻ ത്രേതായുഗത്തിലാണ് രാജ്യം ഭരിച്ചിരുന്നത്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. രണ്ട് കല കുറയുന്നു. സത്യയുഗമാണ് ഉയർന്നത്. എല്ലാവരും ഓർമ്മിക്കുന്നത് സത്യയുഗത്തിനെയാണ്. ത്രേതായുഗത്തിനേയോ ദ്വാപരയുഗത്തിനേയോ ഇത്രയും ഓർമ്മിക്കുന്നില്ല. സത്യയുഗമാണ് പുതിയ ലോകം. കലിയുഗമാണ് പഴയ ലോകം. 100 ശതമാനം സുഖം 100 ശതമാനം ദുഃഖം. ത്രേതായുഗവും ദ്വാപരയുഗവും പകുതിയാണ്. ഇതിൽ മുഖ്യമായും സത്യയുഗത്തിനും കലിയുഗത്തിനുമാണ് പ്രസക്തിയുള്ളത്. ബാബ സത്യയുഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങളുടെ ജോലിയാണ് പുരുഷാർത്ഥം ചെയ്യുക. സത്യയുഗത്തിൽ വസിക്കുന്നവരായി മാറണോ അതോ ത്രേതായുഗത്തിൽ വസിക്കുന്നവരായി മാറണോ? ദ്വാപരയുഗം മുതൽ താഴേക്ക് വീഴുന്നു. വീണ്ടും ദേവീദേവതാധർമ്മമുണ്ടാകുന്നു. പക്ഷേ പതിതമായ തുകാരണം സ്വയം ദേവീദേവതയെന്ന് പറയാൻ സാധിക്കില്ല. ബാബ മധുരമധുരമായ കുട്ടികൾക്ക് ദിവസേന മനസ്സിലാക്കിത്തരികയാണ്. പ്രധാനപ്പെട്ട കാര്യമാണ് മൻമനാഭവ. നിങ്ങളാണ് നമ്പർവണ്ണായി മാറുന്നത്. 84 ജന്മത്തിന്റെ ചക്രത്തിൽ വന്ന് അവസാനം വരുന്നു. വീണ്ടും നമ്പർവണ്ണായി പോകണമെങ്കിൽ ഇപ്പോൾ പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കണം. ബാബ പരിധിയില്ലാത്തതാണ്. പുരുഷോത്തമസംഗമയുഗത്തിൽ പരിധിയില്ലാത്ത ബാബ വന്ന് 21 ജന്മത്തിലേക്ക് സ്വർഗ്ഗത്തിന്റെ സുഖം നിങ്ങൾക്ക് നൽകുന്നു. എപ്പോഴാണോ ജന്മങ്ങളാകുന്ന പടികൾ പൂർത്തിയാകുന്നത് അപ്പോൾ നിങ്ങൾ സ്വയം ശരീരം ഉപേക്ഷിക്കും. യോഗബലമല്ലേ. നിയമം ഇങ്ങനെയാണ് ഉണ്ടാക്കിയിരിക്കുന്നത്, ഇതിനെയാണ് പറയുന്നത് യോഗബലം. സത്യയുഗത്തിൽ ജ്ഞാനത്തിന്റെ കാര്യമില്ല. സ്വാഭാവികമായും നിങ്ങൾ വൃദ്ധരാകും. സത്യയുഗത്തിൽ രോഗങ്ങളൊന്നും ഉണ്ടാകില്ല. വികലാംഗനോ മുടന്തനോ ഒന്നുമുണ്ടാകില്ല. സദാ ആരോഗ്യവാന്മാരായിരിക്കും. അവിടെ ദുഃഖത്തിന്റെ പേരോ അടയാളമോ ഉണ്ടായിരിക്കില്ല. പിന്നീട് അൽപാൽപമായി കല കുറയുന്നു. ഇപ്പോൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം. പരിധിയില്ലാത്ത ബാബയിൽനിന്നും ഉയർന്ന സമ്പത്ത് നേടാൻ. പദവിയോടെ പാസ്സാകണം. എല്ലാവരും ഉയർന്ന പദവി നേടില്ല. ആര് സേവനം ചെയ്യുന്നില്ലയോ അവർ എന്ത് പദവി നേടാനാണ്. മ്യൂസിയത്തിൽ കുട്ടികൾ എത്ര സേവനം ചെയ്യുന്നു, വിളിക്കാതെ തന്നെ ആളുകൾ വരും. ഇതിനെയാണ് ആകാശമാർഗ്ഗത്തിലുള്ള (വേഗത കൂടിയ)സേവനമെന്ന് പറയുന്നത്. ഇതിലും വേഗതകൂടിയ സേവനം (ഭാവിയിൽ) ഉണ്ടാകുമോ എന്നു പറയാൻ കഴിയില്ല. പ്രധാനപ്പെട്ട രണ്ടോ നാലോ ചിത്രങ്ങൾ കൂടെയുണ്ടാകണം. ത്രിമൂർത്തിയുടെ, വൃക്ഷത്തിന്റെ, സൃഷ്ടിചക്രത്തിന്റെ, ഏണിപ്പടിയുടെ– ഇത് ഓരോ സ്ഥലങ്ങളിലും വളരെ വലിയതായി ഉണ്ടാക്കണം. കുട്ടികൾ സമർത്ഥരാകുമ്പോഴല്ലേ സേവനമുണ്ടാകുന്നത്. സേവനം നടക്കുക തന്നെ ചെയ്യും. ഗ്രാമങ്ങളിലും സേവ ചെയ്യണം. മാതാക്കൾക്ക് എഴുത്തും വായനയും അറിയില്ലെങ്കിൽ പോലും ബാബയുടെ പരിചയം കൊടുക്കുന്നത് വളരെ സഹജമാണ്. മുമ്പ് സ്ത്രീകൾ പഠിക്കുമായിരുന്നില്ല. മുസ്ലിംങ്ങളുടെ രാജ്യത്തിൽ ഒരു കണ്ണ് തുറന്ന് മാത്രം പുറത്തേക്ക് പോകുമായിരുന്നു. ബ്രഹ്മാബാബ വളരെ അനുഭവിയാണ്. ശിവബാബ പറയുകയാണ് ഇതൊന്നും എനിക്കറിയേണ്ടതില്ല. ഞാൻ മുകളിലാണ് വസിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം ബ്രഹ്മാവാണ് നിങ്ങൾക്ക് കേൾപ്പിക്കുന്നത്. ഇദ്ദേഹം അനുഭവിയാണ്, ഞാൻ മൻമനാഭവയുടെ കാര്യമേ കേൾപ്പിക്കുന്നുള്ളൂ ഒപ്പം സൃഷ്ടിചക്രത്തിന്റെ കാര്യവും മനസ്സിലാക്കിത്തരുന്നു. ഇത് ഇദ്ദേഹത്തിന് അറിയാത്തതാണ്. ബ്രഹ്മാബാബ തന്റെ അനുഭവം വേറെ കേൾപ്പിക്കുകയാണ്, ഞാൻ ഈ കാര്യങ്ങളിലൊന്നും പോകുന്നില്ല. എന്റെ പാർട്ട് കേവലം നിങ്ങൾക്ക് വഴി പറഞ്ഞുതരിക എന്നതാണ്. ഞാൻ പിതാവാണ്, ടീച്ചറാണ്, ഗുരുവാണ്. ടീച്ചറായി മാറി നിങ്ങളെ പഠിപ്പിക്കുകയാണ്, ഇവിടെ കൃപയുടെയൊന്നും കാര്യമില്ല. പഠിപ്പിക്കുന്നു പിന്നീട് കൂടെ കൊണ്ടുപോകുന്നു. ഈ പഠിപ്പിലൂടെയാണ് സദ്ഗതിയുണ്ടാകുന്നത്. ഞാൻ വന്നിരിക്കുകയാണ്, നിങ്ങളെ കൂടെ കൊണ്ടുപോകാൻ. ശിവന്റെ വിവാഹഘോഷയാത്രയുടെ

മഹിമയുണ്ടല്ലോ. ശങ്കരന് വിവാഹഘോഷയാത്രയില്ല. ശിവന്റെയാണ് വിവാഹഘോഷയാത്ര. എല്ലാ ആത്മാക്കളും വരന്റെ പിന്നാലെ പോവുകയല്ലേ. ഇവരെല്ലാവരും ഭക്തരാണ്, ഞാനാണ് ഭഗവാൻ. നിങ്ങൾ എന്നെ വിളിച്ചതുതന്നെ പാവനമാക്കിമാറ്റി കൂടെ കൊണ്ടുപോകാനാണ്. ഞാൻ നിങ്ങൾ കുട്ടികളെ കൂടെ കൊണ്ടുപോകും. കണക്കുകൾ തീർത്ത് കൊണ്ടുപോകണം

ബാബ ഇടക്കിടെ പറയുകയാണ് മൻമനാഭവ. ബാബയെ ഓർമ്മിക്കൂ എങ്കിൽ തീർച്ചയായും സമ്പത്തും ഓർമ്മവരും. വിശ്വത്തിന്റെ ചക്രവർത്തിപദവി ലഭിക്കുകയല്ലേ. അതിനുവേണ്ടി അങ്ങിനെയുള്ള പുരുഷാർത്ഥവും ചെയ്യണം. നിങ്ങൾ കുട്ടികൾക്ക് ഞാൻ ഒരു കഷ്ടവും നൽകുന്നില്ല. ബാബക്കറിയാം നിങ്ങൾ വളരെ ദുഃഖം അനുഭവിച്ചവരാണ്. ഇപ്പോൾ നിങ്ങൾക്ക് ഒരു കഷ്ടവും നൽകുന്നില്ല. ഭക്തിമാർഗ്ഗത്തിൽ ആയുസ്സും വളരെ കുറവായിരുന്നു. അകാലമരണങ്ങളും ഉണ്ടായിരുന്നു, എത്ര നിലവിളിച്ചു. ബുദ്ധി തന്നെ കേടുവന്നു. ഇപ്പോൾ ബാബ പറയുകയാണ് എന്നെ മാത്രം ഓർമ്മിക്കൂ. സ്വർഗ്ഗത്തിന്റെ അധികാരിയായി മാറണമെങ്കിൽ ദൈവീകഗുണങ്ങളും ധാരണ ചെയ്യണം. പുരുഷാർത്ഥം എപ്പോഴും ഉയർന്നതാകുന്നതിനുവേണ്ടിയാണ് ചെയ്യുന്നത് – ലക്ഷ്മീനാരായണനായി മാറാൻ. ബാബ പറയുകയാണ് ഞാൻ സൂര്യവംശി ചന്ദ്രവംശി ധർമങ്ങളുടെ സ്ഥാപന ചെയ്യുന്നു. അവർ (ചന്ദ്രവംശികൾ) തോൽക്കുന്നതിനാൽ ക്ഷത്രിയനെന്ന് വിളിക്കപ്പെടുന്നു. യുദ്ധമൈതാനമല്ലേ. ശരി,

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1) സുഖധാമത്തിന്റെ സമ്പത്തിന് പൂർണ്ണമായും അധികാരം നേടുന്നതിനുവേണ്ടി സംഗമത്തിൽ ആത്മീയ ജാലവിദ്യക്കാരനായി മാറി ബാബയേയും തന്റെ കുട്ടിയാക്കി മാറ്റണം. പൂർണ്ണമായും അർപ്പണമാകണം.

2) സ്വദർശന ചക്രധാരിയായി മാറി സ്വയത്തെ ഭാഗ്യനക്ഷത്രമാക്കി മാറ്റണം. തീവ്രവേഗതയുള്ള സേവനത്തിന് നിമിത്തമായി മാറി ഉയർന്ന പദവി നേടണം. ഗ്രാമഗ്രാമങ്ങളിൽ സേവനം ചെയ്യണം. ഒപ്പം ഓർമ്മയുടെ ചാർട്ടും തീർച്ചയായും വെക്കണം.

## വരദാനം:– ദൃഢസങ്കൽപമാകുന്ന തിരി കൊണ്ട് ആത്മീയ ബോംബാകുന്ന വെടിമരുന്ന് കത്തിക്കുന്ന സദാ വിജയിയായി ഭവിക്കട്ടെ.

ഇക്കാലത്ത് വെടിമരുന്ന് കൊണ്ടാണ് ബോംബുകളുണ്ടാക്കുന്നത്, എന്നാൽ താങ്കൾ ദൃഢസങ്കല്പമാകുന്ന തിരി കൊണ്ട് ആത്മീയ ബോംബിന്റെ വെടിമരുന്ന് കത്തിക്കൂ അതിലൂടെ പഴയതെല്ലാം സമാപ്തമാകട്ടെ. മറ്റുള്ളവർ പടക്കങ്ങൾക്ക് വേണ്ടി പണം ചെലവാക്കുന്നു, പക്ഷെ നിങ്ങൾ സമ്പാദിക്കുന്നു. അവരുടേത് പടക്കമാണ്, നിങ്ങളുടേത് പറക്കുന്ന കലയുടെ പന്തയമാണ്. ഇതിൽ താങ്കൾ വിജയികളാകുന്നു. അതിനാൽ ഡബിൾ പ്രയോജനം നേടൂ, കത്തിക്കുകയും ചെയ്യൂ സമ്പാദിക്കുകയും ചെയ്യൂ– ഈ വിധി സ്വായത്തമാക്കൂ.

## സ്ലോഗൻ:– ഏതെങ്കിലും വിശേഷ കാര്യത്തിൽ സഹയോഗികളാകുന്നത് തന്നെയാണ് ആശീർവ്വാദങ്ങളുടെ ലിഫ്റ്റ് നേടൽ.